# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 106 | 2026 August 15 | No. 10


## PASTORAL LETTER

# വരാപ്പുഴ 'അതിരൂപത'യ്ക്ക് 140 വയസ്സ്

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2026 സെപ്തംബർ 1-ന് വരാപ്പുഴ അതിരൂപത **'അതിരൂപത'** യായി ഉയർത്തപ്പെട്ടിട്ട് 140 വർഷങ്ങൾ തികയുകയാണ്. ഇനി ശതോത്തര സുവർണ്ണജൂബിലിയിലേക്കുള്ള ഒരു യാത്രയാണ്. 2036-ൽ 150 വർഷങ്ങൾ പൂർത്തിയാക്കാനുള്ള യാത്രയാരംഭിക്കുന്ന വരാപ്പുഴ അതിരൂപതയുടെ സ്ഥാപനത്തിന്റെ ചരിത്രപശ്ചാത്തലം ഹ്രസ്വമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരള ക്രൈസ്തവരുടെയും, കേരള സമൂഹത്തിന്റേയും നവോത്ഥാനത്തിന് അടിസ്ഥാനവും തുടക്കവും കുറിച്ച ഉദയംപേരൂർ സൂനഹദോസ് എന്ന ചരിത്രസംഭവം നടന്നത് 1599-ലാണല്ലോ. ഈ സൂനഹദോസ് വിളിച്ചുകൂട്ടുവാൻ ഗോവ ആർച്ച്ബിഷപ്പ് അലക്സിസ് മെനേസിസിന് ക്ലെമന്റ് എട്ടാമൻ പാപ്പാ അധികാരം നല്കിയിരുന്നു.

1599 ഫെബ്രുവരിയിൽ കേരളത്തിലെത്തിയ ആർച്ച്ബിഷപ്പ് മെനെസിസ് അന്ന് മലബാർ സഭയിലുണ്ടായിരുന്ന ഒട്ടുമിക്ക ദേവാലയങ്ങളും സന്ദർശിച്ച് സൂനഹദോസിനു വേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കി. ജൂൺ 20 മുതൽ 26 വരെ അന്നത്തെ ഒരു ക്രിസ്തീയ കേന്ദ്രമായിരുന്ന ഉദയം പേരൂർ ദേവാലയത്തിൽ (അങ്കണത്തിൽ) വച്ച് മലബാർ സഭയിലെ 133 വൈദീകരും 20 ഡീക്കന്മാരും 660 അല്മായ പ്രമുഖരും സംബ സ്ഥിച്ച സൂനഹദോസ് നടത്തപ്പെട്ടു. അന്നു കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികളും സൂനഹ ദോസിൽ സംബന്ധിച്ചു എന്നതാണ് ചരിത്രം. അന്നു സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹ്യവും വിശ്വാസസംബന്ധവുമായ ദുരാചാര ങ്ങൾ നീക്കം ചെയ്യുവാൻ കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പ ര്യങ്ങളേയും, ഏഴു കൂദാശകളേയും സാമൂഹ്യ ജീവിതത്തിലെ മൂല്യ ങ്ങളേയും സംബന്ധിച്ച് നവോത്ഥാന മൂല്യങ്ങൾ മുന്നോട്ടുവച്ച 200-ൽപരം കാനോനകളാണ് ഈ സൂനഹദോസിൽ ഒപ്പുവച്ച് നടപ്പാ ക്കിയത്. ഇപ്രകാരം കേരള പൗരാണിക ക്രിസ്ത്യാനികൾ മുഴുവനും കത്തോലിക്കാവിശ്വാസം പുൽകിയ ചരിത്ര മുഹൂർത്തമായിരുന്നു ഈ സൂനഹദോസ്. കേരളത്തിലെ പൊതുസമൂഹത്തിനാകട്ടെ നവോത്ഥാ നമൂല്യങ്ങളുടെ സുവർണ്ണ വെളിച്ചവും ഉദയംപേരൂർ സൂനഹദോസ് കാനോനകളിലൂടെ ലഭ്യമായി. 1600 ഏപ്രിൽ ഒന്നിന് ക്ലെമന്റ് എട്ടാമൻ പാപ്പാ ആർച്ച് ബിഷപ്പ് മെനെസിസിന് അയച്ച 'മുൾത്താം ഇൻദോ മിനോ' എന്ന തിരുവെഴുത്തിലൂടെ ഉദയംപേരൂർ സൂനഹദോസ് നടപ ടികളെ ശ്ലാഘിക്കുകയും ഈ ദൗത്യനിർവ്വഹണത്തിൽ മെത്രാപ്പോലീ ത്തായ്ക്ക് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. 1601 മെയ് 19-ന് പാപ്പാ 'ദിവിനാം ദേയി' എന്ന തിരുവെഴുത്തിലൂടെ ഉദയംപേരൂർ സുന ഹദോസിലെ എല്ലാ ഡിക്രികൾക്കും നടപടികൾക്കും ശ്ലൈഹികാ ശീർവ്വാദം നല്കി.

എന്നാൽ 1653-ൽ മട്ടാഞ്ചേരിയിൽ വച്ചു നടന്ന ഭിന്നിപ്പും അതേ തുടർന്നുണ്ടായ ശീശ്മയും കേരള സഭയെ വീണ്ടും ഇരുളിലാഴ്ത്തി. മലബാർ സഭയിൽ ഉടലെടുത്ത പ്രശ്നങ്ങൾ പഠിക്കാനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമായി 1657-ൽ അലക്സാണ്ടർ ഏഴാമൻ

പാപ്പാ രണ്ട് അപ്പസ്തോലിക സംഘങ്ങളെ മലബാറിലേക്കയച്ചു. ഫാ. ജോസഫ് സെബസ്ത്യാനി OCDയുടെ നേതൃത്വത്തിൽ ഒരു സംഘം കരവഴിയും ഫാ. ഹൈസിന്തിന്റെ നേതൃത്വത്തിൽ പോർച്ചുഗൽ വഴി കപ്പൽ മാർഗ്ഗവും അവർ യാത്ര തിരിച്ചു.

ജീവൻ പണയപ്പെടുത്തി ദുർഘടമായ യാത്ര പൂർത്തിയാക്കി ഫാ. ജോസഫ് സെബസ്ത്യാനിയുടെ സംഘം 1657-ൽ ഇടപ്പള്ളി വി. ഗീവർഗ്ഗീസ് സഹദായുടെ പള്ളിയിലെത്തി. തുടർന്നു മലബാർ സഭയിലെ എല്ലാ പള്ളികളിലും യോഗങ്ങൾ ചേരുകയും അനുരഞ്ജന ശ്രമങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുകയും കത്തോലിക്കാ വിശ്വാസ കൂട്ടായ്മയിലേക്ക് ഭൂരിഭാഗം ദേവാലയങ്ങളേയും തിരിച്ചു കൊണ്ടുവരികയും ചെയ്തു. റിപ്പോർട്ടുമായി 1658-ൽ റോമിൽ തിരിച്ചെത്തിയ ഫാ. സെബസ്ത്യാനിയെത്തന്നെ മെത്രാനായി വാഴിച്ച് പരിശുദ്ധ സിംഹാസനം മലബാർ ക്രൈസ്തവരെ ഒന്നാകെ 'മലബാർ വികാരിയാത്ത്' എന്ന കത്തോലിക്കാ ഭരണ സംവിധാനത്തിൽ പുനർനിർണയിച്ചു. 'അപ്പസ്തോലിക് വികാരി'യായി ബിഷപ്പ് ജോസഫ് സെബസ്ത്യാനി മലബാർ വികാരിയാത്തിന്റെ പ്രഥമ സാരഥിയായി 1659-ൽ കേരളത്തിൽ തിരികെയെത്തി. പിന്നീട് മൂന്നു നൂറ്റാണ്ട് കേരള കത്തോലിക്കാസഭ യൂറോപ്യൻ മിഷണറിവര്യരുടെ സവിശേഷകരങ്ങളാൽ പരിലാളിച്ച് വളർത്തപ്പെട്ടു. മലബാർ വികാരിയാത്തിന്റെ ആസ്ഥാനം അന്നത്തെ യാത്രാ സൗകര്യമനുസരിച്ച് വരാപ്പുഴയാവുകയും 1709-ൽ 'വരാപ്പുഴ വികാരിയാത്ത്' എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 1886 സെപ്തംബർ 1-ന് 'വരാപ്പുഴ വികാരിയാത്ത്' 'വരാപ്പുഴ അതിരൂപത'യായി ഉയർത്തപ്പെട്ടു. വരാപ്പുഴ വികാരിയാത്തിന്റെ കീഴിലായിരുന്ന സുറിയാനിക്കാർക്കു വേണ്ടി കോട്ടയം, തൃശ്ശൂർ സുറിയാനി വികാരിയാത്തുകളും സ്ഥാപിതമായി.

ഉദയംപേരൂർ സൂനഹദോസു മുതൽ ആരംഭിച്ച അഭംഗുരമായ കത്തോലിക്കാ വിശ്വാസപാരമ്പര്യത്തിൽ 1886-ൽ അതിരൂപതയായി ഉയർത്തപ്പെട്ട വരാപ്പുഴ റോമൻ കത്തോലിക്കാ അതിരൂപത 2026 സെപ്തംബർ 1-ന് ശതോത്തര സുവർണജൂബിലിയിലേക്കുള്ള പ്രയാണം ആരംഭിക്കുകയാണ്. പത്തുവർഷക്കാലം നീണ്ടുനിൽക്കുന്ന

ഒരു യാത്രയാണത്. പത്തുവർഷങ്ങൾക്കപ്പുറം 2036-ൽ ശതോത്തര സുവർണ്ണജൂബിലിയുടെ നിറവിൽ വരാപ്പുഴ അതിരൂപത കൂടുതൽ പ്രകാശപൂരിതമാകും. വരുന്ന സെപ്തംബർ 1-ാം തീയതി രാവിലെ 7 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ അങ്കണത്തിൽ ജൂബിലി പതാക ഉയർത്തിക്കൊണ്ട് ഈ ജൂബിലി യാത്രയ്ക്ക് നാം തുടക്കം കുറിക്കുന്നതാണ്. അന്നേദിനം അതിരൂപത യിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പ്രത്യേകം തയ്യാറാ ക്കപ്പെട്ടിട്ടുള്ള ജൂബിലി പതാക ഉയർത്തണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

വരാപ്പുഴ അതിരൂപതയിൽ ശുശ്രൂഷചെയ്ത് ദൈവസന്നിധിയി ലേക്ക് യാത്രയായ അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ചരിത്രദിനമായ സെപ്തംബർ 1-ാം തീയതി ഓർമ്മിക്കുന്നത് അഭികാ മ്യമാണ്. അതിനാൽ അന്നേദിനം അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും പൂജ്യശരീരങ്ങൾ അടക്കം ചെയ്യപ്പെട്ടിട്ടുള്ള കബറി ടങ്ങളിൽ പ്രത്യേക പ്രാർഥനകൾ നടത്തണമെന്നും ഞാൻ ഓർമ്മിപ്പി ക്കുന്നു. അതിരൂപതാ ശതോത്തര സുവർണ്ണജൂബിലിയുടെ ആചര ണത്തെ സംബന്ധിച്ചും പത്തുവർഷം നീളുന്ന യാത്രയിൽ അതിരൂപ തയുടെ സമഗ്രമായ നവീകരണം ലക്ഷ്യംവച്ചുകൊണ്ട് നാം നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും വിവിധ തലങ്ങളിൽ വിശകലനം ചെയ്തു തയ്യാറാക്കുന്ന പ്രവർത്തനരേഖ പിന്നീട് ഞാൻ നിങ്ങളെ അറിയിക്കുന്നതാണ്. ബാഹ്യമായ ആഘോഷങ്ങളല്ല, ആഴ ത്തിലുള്ള പഠനവും പ്രവർത്തനങ്ങളുമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. സർവ്വതലസ്പർശിയായ പദ്ധതികളിലൂടെ അതിരൂപതയുടെ എല്ലാ മേഖലകളിലും ഒരു പുത്തനുണർവ്വ് പ്രദാനംചെയ്യാൻ ശതോത്തര റൂബി ജൂബിലിയിൽ നിന്ന് ശതോത്തര സുവർണ്ണജൂബിലിയിലേക്കുള്ള വരാ പ്പുഴ അതിരൂപതയുടെ ചരിത്രപരമായ യാത്ര സഹായിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

പരിശുദ്ധ കന്യകാമറിയവും അതിരൂപതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവും ഈ യാത്രയിൽ നമ്മെ നയിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹ

ത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 ആഗസ്റ്റ് 15-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2026 ആഗസ്റ്റ് 23-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## NOTIFICATION - 8

TRANSFERS AND APPOINTMENTS

1. **Rev. Fr. Manuel Lopez**
   Chaplain, Lourdes Hospital
   Pachalam, Cochin - 682 012.

2. **Rev. Fr. John Kanakkasery**
   Avilabhavan
   Chembumukku, Kakkanad
   Cochin - 682 021.

3. **Rev. Fr. George Majo Kalathiparambil IVD**
   Priest in Charge, St. Joseph's Church
   Cheppanam- 682506

4. **Rev. Fr. Midhun Joseph Chemmayath**
   Priest in Charge
   Sacred Heart Church
   Pazhangad, Edavanakkad - 682 502.
   &
   Assistant Director
   Lourdes Hospital
   Pachalam, Cochin - 682 012.

08-08-2026
Ernakulam **Chancellor**

# CASUS

## AUGUST 2026

## FAITH FORMATION

### The Church's duty and right to preach the Gospel

Can. 747 §1. The Church, to which Christ the Lord has entrusted the deposit of faith so that with the assistance of the Holy Spirit it might protect the revealed truth reverently, examine it more closely, and proclaim and expound it faithfully, has the duty and innate right, independent of any human power whatsoever, to preach the gospel to all peoples, also using the means of social communication proper to it.

§2. It belongs to the Church always and everywhere to announce moral principles, even about the social order, and to render judgment concerning any human affairs insofar as the fundamental rights of the human person or the salvation of souls requires it.

### How do we understand Heresy, Apostasy and Schism

Can. 751 Heresy is the obstinate denial or obstinate doubt after the reception of baptism of some truth which is to be believed by divine and Catholic faith; apostasy is the total repudiation of the Christian faith; schism is the refusal of submission to the Supreme Pontiff or of communion with the members of the Church subject to him.

### Means for faith formation

Can. 761 The various means available are to be used to proclaim Christian doctrine: first of all preaching and catechetical instruction, which always hold the principal place, but also the presentation of doctrine in schools, academies, conferences, and meetings of every type and its diffusion through public declarations in

the press or in other instruments of social communication by legitimate authority on the occasion of certain events.

**What is a homily?**

Can. 767 §1. Among the forms of preaching, the homily, which is part of the liturgy itself and is reserved to a priest or deacon, is preeminent; in the homily the mysteries of faith and the norms of Christian life are to be explained from the sacred text during the course of the liturgical year.

§2. A homily must be given at all Masses on Sundays and holy days of obligation which are celebrated with a congregation, and it cannot be omitted except for a grave cause.

§3. It is strongly recommended that if there is a sufficient congregation, a homily is to be given even at Masses celebrated during the week, especially during the time of Advent and Lent or on the occasion of some feast day or a sorrowful event.

§4. It is for the pastor or rector of a church to take care that these prescripts are observed conscientiously.

**What should be the content of a homily?**

Can. 768 §1. Those who proclaim the divine word are to propose first of all to the Christian faithful those things which one must believe and do for the glory of God and the salvation of humanity.

§2. They are also to impart to the faithful the doctrine which the magisterium of the Church sets forth concerning the dignity and freedom of the human person, the unity and stability of the family and its duties, the obligations which people have from being joined together in society, and the ordering of temporal affairs according to the plan established by God.

Can. 769 Christian doctrine is to be set forth in a way accommodated to the condition of the

**Faith Formation**

1. **What does the law say about pastoral responsibility of a parish priest in the catechetical instruction?**

   Can. 773 It is a proper and grave duty especially of pastors of souls to take care of the catechesis of the Christian people so that the living faith of the faithful becomes manifest and active through doctrinal instruction and the experience of Christian life.

2. **What is the role of parents in the catechetical instruction of their children?**

   Can. 774 §1. Under the direction of legitimate ecclesiastical authority, solicitude for catechesis belongs to all members of the Church according to each one's role.

   §2. Parents above others are obliged to form their children by word and example in faith and in the practice of Christian life; sponsors and those who take the place of parents are bound by an equal obligation.

3. **What does the law say about the facilitation of Catechetics and Catechisms?**

   Can. 775 §1. Having observed the prescripts issued by the Apostolic See, it is for the diocesan bishop to issue norms for catechetics, to make provision that suitable instruments of catechesis are available, even by preparing a catechism if it seems opportune, and to foster and coordinate catechetical endeavors.

   §2. If it seems useful, it is for the conference of bishops to take care that catechisms are issued for its territory, with the previous approval of the Apostolic See.

§3. The conference of bishops can establish a catechetical office whose primary function is to assist individual dioceses in catechetical matters.

**4. What is the role of a parish in the catechetical ministry?**

Can. 776 By virtue of his function, a parish priest is bound to take care of the catechetical formation of adults, youth, and children, to which purpose he is to use the help of the clerics attached to the parish, of members of institutes of consecrated life and of societies of apostolic life, taking into account the character of each institute, and of lay members of the Christian faithful, especially of catechists. None of these are to refuse to offer their help willingly unless they are legitimately impeded. The parish priest is to promote and foster the function of parents in the family catechesis mentioned in can. 774, §2.

**5. What should be the content of catechetical ministry?**

Can. 777 Attentive to the norms established by the diocesan bishop, a parish priest is to take care in a special way:

1/ that suitable catechesis is imparted for the celebration of the sacraments;

2/ that through catechetical instruction imparted for an appropriate period of time children are prepared properly for the first reception of the sacraments of penance and the Most Holy Eucharist and for the sacrament of confirmation;

3/ that having received first communion, these children are enriched more fully and deeply through catechetical formation;

4/ that catechetical instruction is given also to those who are physically or mentally impeded, insofar as their condition permits;

5/ that the faith of youth and adults is strengthened, enlightened, and developed through various means and endeavors.

**6. What can be done in the parishes to promote vocation to Priesthood and Religious life? Discuss**

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21